"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി - പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(കൈ) നം.107/2024/AGRI തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:-
1. 1 സ.ഉ (എം.എസ് ) നം. 26/2012/കൃഷി, തീയതി 13.02.2012
2. സ.ഉ (എം.എസ് ) നം.28/2017/കൃഷി, തീയതി 03.03.2017
3. സ.ഉ(എം.എസ് ) നം.84/2017/കൃഷി, തീയതി 07.07.2017
4. സ.ഉ(എം.എസ് ) നം.39/2019/കൃഷി, തീയതി 06.03.2019
   കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ
5. 15.05.2023,13.06.2023 തീയതിയികളിലെ റ്റി.എസ്(1) 10562/2018 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി പ്രകാരം കർഷക പെൻഷൻ വാങ്ങുന്നവരിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹരായ കർഷകർക്ക് മാത്രം പെൻഷൻ അനുവദിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി പരാമർശം (2), (3), (4) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡ പ്രകാരം, വിവിധ സാമൂഹിക സുരക്ഷ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കിക്കൊണ്ട്, നിലവിൽ 60 വയസ്സ് പൂർത്തിയാക്കിയ അർഹരായ 6201 എണ്ണം ഗുണഭോക്താക്കളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിനായി പരാമർശം (5) പ്രകാരം സാക്ഷ്യപ്പെടുത്തിയ പട്ടിക സഹിതം കൃഷി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മറ്റേതെങ്കിലും പെൻഷൻ വാങ്ങുന്നവർ ചെറുകിട നാമമാത്ര കർഷക പെൻഷന് അർഹരല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 'ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി'യിൽ ഉൾപ്പെടുത്തുന്നതിലേക്കായി പരാമർശം (5) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) ചുവടെ ചേർത്തിരിക്കുന്ന പട്ടിക അംഗീകരിച്ചു കൊണ്ടും

പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കർഷകരെക്കൂടി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

| **ജില്ല** | **പുതുതായി ചേർക്കേണ്ട പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 46 |
| കൊല്ലം | 155 |
| പത്തനംതിട്ട | 221 |
| ആലപ്പുഴ | 264 |
| കോട്ടയം | 620 |
| എറണാകുളം | 586 |
| ഇടുക്കി | 289 |
| തൃശ്ശൂർ | 816 |
| പാലക്കാട് | 666 |
| മലപ്പുറം | 619 |
| കോഴിക്കോട് | 489 |
| വയനാട് | 252 |
| കണ്ണൂർ | 567 |
| കാസർഗോഡ് | 611 |
| **ആകെ** | **6201** |

3. ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

PRINCIPAL SECRETARY & APC

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2452, തീയതി 10.10.2024)
ധനകാര്യ (അഗ്രി-ബി/എസ്.എഫ്.സി —ബി) വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AGRI-PB1/48/2024)

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
Date: 14-10-2024 14:08:52

സെക്ഷൻ ഓഫീസർ